(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥയുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്ര ഡോക്ടർമാർ തൊഴിലില്ലാതെയുണ്ടെന്ന് പറയുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ചില വിഭാഗങ്ങളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത അവസ്ഥ ഉണ്ടായിരുന്നു. കരാർ വ്യവസ്ഥയിലൂടെയും ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി ഡോക്ടർമാർക്ക് പ്രൊമോഷൻ നൽകിയും ഈ അവസ്ഥ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിൽ ഗ്രാമപ്രദേശങ്ങളിലും പിന്നോക്കമേഖലകളിലും നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളിൽ ജോലിചെയ്യാൻ ആളെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെങ്കിലും പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സ്ഥിരം നിയമനം നടത്താൻ കഴിയുന്നില്ല. ആയുർവേദ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭിക്കാത്ത ഒരവസ്ഥയില്ല.

(ഡി) ഇതു സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർമെഡിസിൻ ലാബോറട്ടറികളിൽ നടത്തുന്ന ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ്

* 7 [858] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
,, കെ. മോഹൻകുമാർ:
,, വി. ബാലറാം:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർമെഡിസിൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഡിപ്പാർട്ട്മെന്റിനോടനുബന്ധിച്ചുള്ള ലാബറട്ടറികളിൽ വിവിധ ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുക എത്ര വീതമാണ് എന്ന് പറയാമോ;

(സി) പ്രൈവറ്റ് ലാബറട്ടറികളിൽ ഇത്തരം ടെസ്റ്റുകൾക്ക് ചുമത്തുന്ന ഫീസ് എത്ര വീതമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ലാബറട്ടറികളിൽ ഈ ടെസ്റ്റുകൾക്ക് ഉയർന്ന ഫീസ് നിശ്ചയിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ന്യൂക്ലിയർ മെഡിസിൻ വകുപ്പ് പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവിധ ടെസ്റ്റുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അനുബന്ധമായി ചേർക്കുന്നു.†

(സി) സ്വകാര്യ ലാബുകൾ ചുമത്തുന്ന ഫീസ് വിവരം സർക്കാരിൽ ലഭ്യമല്ല.

(ഡി) വിവിധ ടെസ്റ്റുകൾക്ക് ആവശ്യമായിവരുന്ന ചെലവുകൾ, അനുസരിച്ചുള്ള ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത ഫീസുകൾ ഉയർന്ന നിരക്കിലാണെന്ന അഭിപ്രായമില്ല.

പേയിംഗ് കൗണ്ടറുകളുടെ വരവുചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് നടപടി

* 8 [859] ശ്രീ. എ. പി. അനിൽകുമാർ:
„ എ. കെ. മണി:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൻ മാസ്റ്റർ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മെഡിക്കൽ കോളേജ് ആശുപത്രികളോട് അനുബന്ധിച്ച് പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കൗണ്ടറുകളുടെ കണക്കുകൾ യഥാസമയം ഓഡിറ്റ് ചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് ഓഡിറ്റ് ചെയ്യുന്നത്;

(ഡി) പ്രസ്തുത കൗണ്ടറുകളിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടപ്പുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു വിലക്കുള്ള മരുന്നുകളാണ് കെട്ടിക്കിടപ്പുള്ളത്;

(എഫ്) ഇപ്രകാരം ഇത്രയധികം വിലവരുന്നതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം പറയാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly